ACADEMIC RESEARCH AND REVIEW LETTERS Vol. 9 No. 2 July 2026

LANGUAGE, LITERATURE, AND CULTURAL STUDIES

# ഇന്ദ്രിയാനുഭൂതിയുടെ സാംസ്കാരിക പരിണാമങ്ങൾ മാധവിക്കുട്ടിയുടെ കഥകളെ മുൻനിർത്തിയുള്ള പഠനം

**ഡോ. മഞ്ജുള കെ.വി.**

അസോസിയേറ്റ് പ്രൊഫസർ

മലയാള വിഭാഗം

ഗവ. ബ്രണ്ണൻ കോളേജ്

ധർമ്മടം

E-mail: drmanjulakv@gmail.com

**സംഗ്രഹം**

മനുഷ്യൻ തന്റെ ഇന്ദ്രിയങ്ങൾ വഴിയാണ് ചുറ്റുപാടുകളെ അറിയുന്നതും മനസ്സിലാക്കുന്നതും. ഇങ്ങനെ ലഭ്യമാകുന്ന അറിവുകൾ ബിംബരൂപത്തിൽ മുൻകാല അനുഭവങ്ങളോടിണക്കുകയും കണ്ണി ചേർക്കുകയും, ലളിതമായോ സങ്കീർണ്ണമായോ സന്ദർഭാനുസരണം ഉപയോഗിക്കത്തക്കവിധം ഓർമ്മയിൽ ശേഖരിക്കപ്പെടുകയും ചെയ്യുന്നു. ഇന്ദ്രിയാനുഭവങ്ങളുടെ വിമോചനം ചരിത്രപരമായ ഒരു പ്രക്രിയയാണെന്ന് മാധവിക്കുട്ടിയുടെ കഥകൾ തെളിയിക്കുന്നു. ഉടലുണർവ്വ്, അനുഭൂതി, അവയവരഹിതശരീരം, എന്നീ സങ്കല്പനങ്ങളിലൂടെ ഇന്ദ്രിയങ്ങളെ തന്നെ പ്രശ്നവൽക്കരിച്ചുകൊണ്ട് അനുഭവങ്ങളുടെ രാഷ്ട്രീയത്തെ ദെല്യൂസ് (Gilles Deleuze), ഗ്വത്താരി (Felix Guattari) തുടങ്ങിയവർ വിശദീകരിക്കുന്നുണ്ട്. ഈ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ മാധവിക്കുട്ടിയുടെ കഥകളെ പഠിക്കുന്നതാണ് ഈ പ്രബന്ധം. മാധവിക്കുട്ടിയുടെ കഥകളിൽ സാമാന്യയുക്തിയുടെയും വ്യവസ്ഥാപിത ധാർമ്മിക മൂല്യങ്ങളുടെയും രേഖീയാഖ്യാനത്തിൽ നിന്ന് വ്യത്യസ്തമായി അനുഭവങ്ങളുടെ രാഷ്ട്രീയത്തെ പ്രശ്നവൽക്കരിക്കുന്നുണ്ട്.

**താക്കോൽവാക്കുകൾ:** ഇന്ദ്രിയസംസ്കാരം, ഉടലുണർവ്വ്, ഗന്ധം, നിറം-ഉടലറിവ്

 ISSN: 2582 - 2594

പ്രപഞ്ചത്തിൽ മനുഷ്യന്റെ ആധിപത്യപരമായ വാഴ്വിനു ബദലായി ഇന്ദ്രിയസ്പർശങ്ങളുടെയും അവയുണർത്തുന്ന മോഹങ്ങളുടെതുമായ ഒരു വാഴ്വ് കണ്ടെത്താനായി ഉത്തരഘടനാവാദവും അതിന്റെ സഹചാരികളായ ദെല്യൂസ് ഗോത്താരി തുടങ്ങിയവർ നടത്തിയ ചിന്താപര്യടനങ്ങളുടെയും സഹായത്തോടെ മാധവിക്കുട്ടിയുടെ കലാദർശനവും കഥയെഴുത്തും വിലയിരുത്തുന്നതാണ് ഈ പ്രബന്ധം. ഇന്ദ്രിയങ്ങളെ ബുദ്ധിയിൽനിന്നും വേർപെടുത്തി താഴ്ത്തി മതിക്കുന്ന പ്രവണത സാഹിത്യചരിത്രത്തിന്റെ പ്രാരംഭഘട്ടം മുതലുണ്ട്. ബുദ്ധിയുടെ മേഖലകളായ ശാസ്ത്രസാങ്കേതിക വിദ്യകളും സാമൂഹിക ശാസ്ത്ര വ്യവഹാരങ്ങളും ആധുനികതയിൽ അധീശ വ്യവഹാരങ്ങളായി മാറുകയും, ഇന്ദ്രിയപരമായ അനുഭൂതികൾ സദാചാരവിരുദ്ധമായി വിലയിരുത്തി ത്യജിക്കപ്പെടുകയും ചെയ്തുപോരുന്നു. കഥ മാധവിക്കുട്ടിയിലെ കലാകാരിക്ക് ഇന്ദ്രിയദർശനങ്ങളുടെ സംഗീതപാഠമാണെന്ന് കെ.പി. അപ്പൻ വിലയിരുത്തുന്നുണ്ട് ( കെ.പി. അപ്പൻ, 1999, പുറം. 34).

ഐന്ദ്രിയതയുടെ ഉൽപ്പന്നങ്ങളായ പ്രണയം, ലൈംഗികത, ഗന്ധങ്ങൾ, സ്പർശങ്ങൾ, നിറങ്ങൾ, ജീവിതമോഹങ്ങൾ ഇവയെല്ലാം ആസക്തിയുടെ മണ്ഡലമാകയാൽ അതിനു വഴിപ്പെടാതെ യുക്തി ഉപയോഗിച്ചുവേണം മനുഷ്യർ സാംസ്കാരിക ജീവിതം കെട്ടിപ്പടുക്കേണ്ടത് എന്നാണ് പ്ലേറ്റോ നിർദ്ദേശിക്കുന്നത്. തുടർന്ന 20 ശതാബ്ദക്കാലം മാനവചരിത്ര ഗതിയിൽ പ്ലേറ്റോണിക് ലോകവീക്ഷണം തുടരുന്നതിന്റെ സാഹചര്യം മേൽക്കൈ നേടുകയും സൗന്ദര്യാനുഭൂതികൾ, പ്രണയാനുഭവം തുടങ്ങിയവ സംസ്കാരധാരയിൽ ഇടം കിട്ടാതെ പ്രാന്തവൽക്കരിക്കപ്പെടുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിലാണ് ഇന്ദ്രിയാനുഭവങ്ങളെ അറിവിന്റെ മണ്ഡലത്തിൽ ഉൾപ്പെടുത്തുന്നത്. പതിനെട്ടാം ശതകാവസാനം critic of Judgement എന്ന കൃതിയിൽ അറിവിൽ നിന്ന് വ്യത്യസ്തമായ ഇന്ദ്രിയാനുഭവങ്ങൾക്ക് സ്വതന്ത്രമായ അസ്തിത്വം അംഗീകരിച്ചു കിട്ടുന്നു. കാന്റ് അതിനെ അനുഭൂതിയുടെ മണ്ഡലമായി കാണുന്നു. അറിവ്, ഇച്ഛ, അനുഭൂതി എന്നിങ്ങനെ മൂന്ന് പ്രവർത്തനശേഷി ഒന്നൊന്നിൽ നിന്നും സ്വതന്ത്രമായി നിലകൊള്ളുന്നതാണ്. എന്നാൽ എല്ലാ ഇന്ദ്രിയസംവേദനങ്ങളെയും സൗന്ദര്യാനുഭൂതിയായി കാണാൻ പറ്റില്ല. ഇന്ദ്രിയാനുഭവങ്ങളുടെ വിഷയമാക്കുന്ന വസ്തുക്കൾ ഉണ്ടാക്കുന്ന വ്യക്തിനിഷ്ഠമായ എല്ലാ താൽപ്പര്യങ്ങളിൽനിന്നും മുക്തമായി അവയൊരുക്കുന്ന ശുദ്ധമായ അനുഭൂതിയിൽ മുഴുകുമ്പോൾ മാത്രമേ സൗന്ദര്യ അനുഭൂതി നിഷ്പന്നമാകുകയുള്ളൂ. ഇങ്ങിനെ ഇന്ദ്രിയാനുഭൂതികളെ അറിവിൽ നിന്ന് സ്വതന്ത്രമാക്കി അവയ്ക്കായി സൗന്ദര്യാത്മകത എന്ന പ്രത്യേക തലം ലഭിക്കുമ്പോൾ മാത്രമേ കലയ്ക്ക് ചിന്താ ചരിത്രത്തിൽ സാധൂകരണം കരഗതമാകുകയുള്ളൂ. സ്ത്രീയുടെ വിചിത്രമായ അനുഭവങ്ങൾ സൂക്ഷ്മതയോടെ ആവിഷ്ക്കരിക്കുന്ന മാധവിക്കുട്ടിയുടെ കഥകളിൽ ഇന്ദ്രിയാവിഷ്കാരങ്ങൾ പ്രതിരോധമെന്ന നിലയിലും, കലാപമെന്ന നിലയിലും നിലനിൽക്കുന്ന സൗന്ദര്യാത്മക ലാവണ്യബോധങ്ങളെ കീഴ്മേൽ മറിക്കുന്നതെപ്രകാരമാണെന്ന അന്വേഷണമാണ് ഈ പഠനം മുന്നോട്ട് വയ്ക്കുന്നത്. ഇന്ദ്രിയാനുഭൂതിയുടെ സ്വച്ഛന്ദമായ ആസ്വദിക്കലോ അനുഭവിക്കലോ ആണ് മാധവിക്കുട്ടിയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം. ഭയത്തെ അസ്വാതന്ത്ര്യത്തിന്റെ മാനസിക ചിഹ്നമായി കണ്ടതുകൊണ്ടുതന്നെ നിർഭയം അതിനെ മറികടക്കാൻ കഥാകാരി എഴുത്ത് ആയുധമായി ഉപയോഗിച്ചു.

മനുഷ്യൻ തന്റെ ഇന്ദ്രിയങ്ങൾ വഴിയാണ് ചുറ്റുപാടുകളെ അറിയുന്നതും മനസ്സിലാക്കുന്നതും. അതുകൊണ്ട് തന്നെ ആർജ്ജിതമാകുന്ന ലോകസംബന്ധമായ ബോധം ശരീരകേന്ദ്രിതമാ

ണെന്ന് ധൈഷണിക ഭാഷാശാസ്ത്രവും വിലയിരുത്തുന്നു. ഇങ്ങനെ ലഭ്യമാകുന്ന അറിവുകൾ ബിംബ രൂപത്തിൽ മുൻകാല അനുഭവങ്ങളോടിണക്കിയും കണ്ണിചേർത്തും ലളിതമായോ സങ്കീർണ്ണമായോ സന്ദർഭാനുസരണം ഉപയോഗിക്കത്തക്കവിധം ഓർമ്മയിൽ ശേഖരിക്കപ്പെടുന്നു. ഇന്ദ്രിയാനുഭവങ്ങളുടെ വിമോചനം ചരിത്രപരമായ ഒരു പ്രക്രിയയാണെന്ന് മാധവിക്കുട്ടിയുടെ കഥാ വായനകൾ സാക്ഷ്യപ്പെടുത്തുന്നു. മതം, സമ്പത്ത്, ആണധികാരം, അച്ചടി ബിംബങ്ങൾ, ഭാഷ തുടങ്ങിയവ ഓരോ കാലത്തും മനുഷ്യന്റെ ഇന്ദ്രിയാനുഭവങ്ങളെ ഓരോരോ തരത്തിൽ പിന്തുടരുന്നതും അനുസരിക്കുന്നതും പൊതുബോധമായി ചിട്ടപ്പെടുത്തി സ്വാംശീകരിക്കുന്നതും കാണാൻ കഴിയും. പിതൃകേന്ദ്രിതവ്യവസ്ഥയ്ക്കുള്ളിൽ രാഷ്ട്രീയാധികാരം നേടിയെടുക്കുക വഴി ചരിത്രപരമായി അടിച്ചമർത്തപ്പെട്ട സ്ത്രൈണാവസ്ഥ മാധവിക്കുട്ടി കഥകളിലൂടെ പുനഃപ്രാപ്തമാക്കുന്നു. സ്ത്രൈണതയെന്നത് മനുഷ്യർക്കെല്ലാമുള്ള അനുഭവതലമാണെന്നും പുരുഷാധിപത്യ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് സ്ത്രീയുടെ ഇന്ദ്രിയാനുഭവതലങ്ങളെ ആഖ്യാനത്തിൽ കൊണ്ട് വന്ന് ആ സ്വതന്ത്രാവസ്ഥയെ ആഘോഷിക്കുകയുമാണ് മാധവിക്കുട്ടി എഴുത്തിലൂടെ ചെയ്യുന്നത്.

ഉടലിന്മേൽ സമൂഹത്താൽ മുദ്രണം ചെയ്യപ്പെടുന്ന വ്യക്തിത്വം മനുഷ്യരുടെ സാംസ്കാരികമായി രൂപപ്പെട്ടിട്ടുള്ള ബോധതലത്തിൽ മാത്രമാണ് പ്രവർത്തനക്ഷമമാകുക. അവരുടെ കാമനാപരമായ പ്രതിഫലനത്തിന് ഈ വ്യവസ്ഥ തടസ്സമാകുമ്പോൾ കഥകളിൽ ഫാന്റസിയുടെ തലങ്ങളെ പരീക്ഷിക്കാനും കഥാകാരി തയ്യാറാവുന്നു. സ്ത്രൈണരതിയുടെ, കാമനകളുടെ അനുഭൂതി തലങ്ങൾ അടിച്ചമർത്തപ്പെട്ട ആൺകോയ്മാ വ്യവസ്ഥിതിയിൽനിന്ന് മോചിപ്പിച്ച് പുതിയ ഭാഷ്യം കഥകളിൽ അവർ ചമയ്ക്കുന്നു. പ്രണയം, മാതൃത്വം, ലാവണ്യാനുഭവങ്ങൾ തുടങ്ങിയ സ്ത്രൈണ കാമനയുടെ ഉറവിടങ്ങളെ മാധവിക്കുട്ടി കഥകളിലൂടെ പുനരാനയിക്കുകയാണ്. വിശ്വത്തെ പ്രഭാമയമാക്കുകയും സർവ്വജീവികളെയും മോഹപരമായി കൂട്ടിയിണക്കുകയും ചെയ്യുന്ന പ്രേമം സ്ത്രൈണ ലൈംഗികതയുടെ ബഹിർഗമനമാണ്. സ്ത്രൈണതയെന്നത് ലിംഗപദവികൾക്കതീതമായ കാമനകളുടെ ലോകമാണെന്ന് ജൂലിയ ക്രിസ്തേവ വിലയിരുത്തുന്നു (എബി.കോശി p35. 2020).

മാധവിക്കുട്ടിയുടെ ഭാഷ ആഗ്രഹാഭിലാഷങ്ങളുടെ ലീല സാധ്യമാക്കുന്നതും, പുരുഷയുക്തിയെ തകർക്കുന്ന സ്ത്രൈണ കാമനകളുടെ ശക്തിയെ വഹിക്കുന്ന പിതൃആധിപത്യഘടനയോട് കലഹം സാധ്യമാക്കുന്നതുമാണ്. മനോപഗ്രഥനത്തിലൂടെ സ്ത്രൈണതയ്ക്ക് പുതിയ ഒരു വ്യാഖ്യാനം ഭാവനാനുഭവങ്ങളുടെ ബഹുത്വത്തിലൂടെ / ഭാഷാബിംബങ്ങളിലൂടെ ആവിഷ്കരിക്കുന്നുണ്ട്. അത്തരത്തിലൊരു  അനുഭവതലം സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിൽ അനുവദനീയമായ യാഥാസ്ഥിതിക ലോകത്തെ മറികടക്കുകയും നവ്യമായ മറ്റൊരു ലോകസൃഷ്ടി എഴുത്തിലൂടെ ആവിഷ്കരിക്കുകയും ചെയ്യുകയാണ് മാധവിക്കുട്ടി. പ്രപഞ്ചത്തിലെ മാറിമറിഞ്ഞുണരുന്ന സൗന്ദര്യ മുഹൂർത്തമൊത്തുള്ള നിർമ്മലമായ ലയം കഥയ്ക്കൊപ്പം വായനക്കാരും അനുഭവിക്കുന്നു.

അബോധമനസ്സിൽ അടിച്ചമർത്തപ്പെട്ട ഇച്ഛകൾ വ്യത്യസ്ത ബിംബങ്ങളിലൂടെയും, ഭാവങ്ങളിലൂടെയും ബോധാബോധതലങ്ങളുടെ അതിർത്തികൾ മറികടന്നുകൊണ്ട് സാഹിത്യത്തിലും പ്രത്യക്ഷപ്പെടുന്നു. ആന്തരികചോദനകളുടെ ഫലമായി യാഥാർത്ഥ്യത്തിൽ നിന്ന് അകന്ന് ഭ്രമകല്പനകളിലേക്ക് നീങ്ങുന്ന മാനസികാവസ്ഥ കലകളിലും ന്യൂറോസിസിലും ഒരുപോലെ കാണുന്നതായി പി.എം. ഗിരീഷ് വായനയുടെ ജീവശാസ്ത്രം (പുറം 27) എന്ന കൃതിയിൽ അഭിപ്രായപ്പെടുന്നു.

 ISSN: 2582 - 2594

### ഇന്ദ്രിയ സംവേദങ്ങളുടെ ഉടലുണർവ്വുകൾ

ഇന്ദ്രിയാനുഭവമായി സംവേദനം ചെയ്യപ്പെടുന്ന അനുഭൂതികൾ ഉടലിനെ ആശ്ലേഷിക്കുമ്പോഴുണ്ടാകുന്ന തീക്ഷ്ണമായ അനുഭവശക്തിയാണ് ഉടലുണർവ്വ്. ഇന്ദ്രിയങ്ങളിലൂടെ നാം സ്വീകരിക്കുന്ന അനുഭൂതി (വെറുപ്പ്, ദുർഗന്ധത്താൽ നാസാരന്ധ്രം പിൻവലിക്കുക etc) ശാരീരിക പ്രതികരണങ്ങളായും സംഭവിക്കുന്നതാണ് ഉടലുണർവ്വുകളെന്നും ദുർഗന്ധം, മണം തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളാണ് അനുഭൂതികൾ എന്നും കോൾബ്രൂക്ക് എഴുതുന്നു (Cole Brooke 2002:21,22). വ്യക്തിപൂർവ്വമായ അനുഭവമാണിത്. പച്ച ശരീരത്തിലാണ് ഉടലുണർവ്വുണ്ടാകുന്നത്. ഇമ്മാനുവൽ കാന്റ് ഇന്ദ്രിയാനുഭൂതികളെ അറിവിൽ നിന്ന് സ്വതന്ത്രമാക്കി അവയ്ക്കായി സൗന്ദര്യാത്മകത എന്ന പ്രത്യേക തലം ലഭ്യമാക്കിയപ്പോൾ അത് കലയ്ക്ക് ചിന്താചരിത്രത്തിൽ തന്നെ സാധൂകരണമാകുന്നതിന് തുടക്കമിടുകയായിരുന്നു. അനാവൃതമാകുന്ന മോഹങ്ങളുടെ സഞ്ചാരപഥങ്ങളിൽ കേന്ദ്രീകൃതമായ സ്വത്വബോധങ്ങൾ മാഞ്ഞുപോകുകയും ഇന്ദ്രിയാനുഭൂതികൾ ഉടലുകളിലൂടെ കടന്നുപോകുന്ന തീക്ഷ്ണതകളായി പടരുകയും ചെയ്യുന്നു. ഈ തീക്ഷ്ണതകളെന്നത് ആഴമേറിയ അനുഭൂതി തലങ്ങളാണ്. പിതൃവ്യവസ്ഥയും ഭരണകൂടവും ചേർന്ന് മോഹപരമായ സമ്പർക്കങ്ങളിൽ നിന്ന് ശരീരത്തെ ഛേദം ചെയ്യുക വഴിയാണ് സ്വത്വം നിലവിൽ വരുന്നത്. ശരീരത്തിനുള്ളിലേക്ക് വിക്ഷേപിക്കപ്പെടുന്ന സദാചാരം, സംസ്കാരം, പിതൃവ്യവസ്ഥ, ഭരണകൂടം എന്നിവയുടെ നിയമങ്ങളാണ് മനുഷ്യരിൽ സ്വത്വമായി പ്രവർത്തിക്കുക. മോഹപ്രവാഹത്തിന്റെ പ്രതലമായ ഉടലിനെ സാമൂഹികധർമ്മങ്ങൾ നിറവേറ്റുന്ന സ്വത്വമായി വ്യവസ്ഥാപനം ചെയ്യുന്ന സാംസ്കാരിക പ്രക്രിയയായി ദെല്യൂസ് ഇതിനെ വിവരിക്കുന്നു. ശരീരത്തിന്റെ ഈ വ്യവസ്ഥപ്പെടലിൽ നിന്നുള്ള മോചനമാണ് മാധവിക്കുട്ടി തന്റെ കഥകളിലൂടെ ആവിഷ്കരിക്കുന്നത്. ശരീരത്തിന്റെ പലതാകൽ ശേഷിയിലൂടെയാണ് സ്ഥാപിത താൽപ്പര്യങ്ങളോടുള്ള പ്രതിഷേധം മാധവിക്കുട്ടി സാധ്യമാക്കുന്നത്. മാധവിക്കുട്ടിയുടെ കഥകളിൽ ദ്വന്ദ്വ വ്യക്തിത്വത്തിന്റെ മാനങ്ങളെക്കുറിച്ചും ഭ്രമാത്മക ഭാവനകളെക്കുറിച്ചും വത്സലൻവാതുശ്ശേരി കഥയും ഫാന്റസിയും എന്ന പഠനത്തിൽ വിശകലനം ചെയ്യുന്നുണ്ട്. മാനസികമായി നാം ഒന്നിലേറെ വ്യക്തികളാണെന്ന് തെദറോവ് വ്യക്തമാക്കുന്നു. ജന്മസഹജമായ വിചിത്ര മനോഘടനയുടെയും ഏകാന്തമായ ജീവിതാനുഭവങ്ങളുടെയും സൃഷ്ടിയാണ് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങളുടെ ഇരട്ട വ്യക്തിത്വത്തിന് പുറകിലുള്ളത്. വൈയക്തികമായ എല്ലാറ്റിന്റേയും സ്വച്ഛന്ദമായ ആസ്വദിക്കലോ അനുഭവിക്കലോ ആണ് മാധവിക്കുട്ടിയിലെ എഴുത്തിലെ സ്വാതന്ത്ര്യം. ഭയം അസ്വാതന്ത്ര്യത്തിന്റെ മാനസിക ചിഹ്നമായാണ് മാധവിക്കുട്ടി കണ്ടത്. "ഭയം തട്ടിയ ഹൃദയം നെഞ്ചിനുള്ളിൽ പക്ഷിയെപ്പോലെ ചിറകിട്ടടിക്കുമ്പോൾ സാഹസത്തിന്റെ അപകടമേഖലകളിലേക്ക് ഇറങ്ങിച്ചെല്ലാൻ എനിക്ക് എന്തെന്നില്ലാത്ത ഒരഭിനിവേശം തോന്നിയിരുന്നു" (എന്റെ കഥ, പുറം 28). അന്തർവ്യക്തിത്വത്തിന്റെ സ്വച്ഛന്ദവ്യാപാരമായി ആവിഷ്കരിക്കുന്ന അപഥസഞ്ചാരവും വിദ്ധ്വംസക പ്രവർത്തനവും, വാസ്തവികതയും സങ്കല്പവും കൂടി കുഴയുന്നതുമെല്ലാം ഇന്ദ്രിയാനുഭവങ്ങളുടെ ഉടൽ വ്യാപാരമാണ്. രതിയിൽ അധിഷ്ഠിതമായ നൈസർഗിക വാസനകളുടെ ആവിഷ്കാരവും മാധവിക്കുട്ടിയുടെ കഥാപാത്രങ്ങളുടെ സ്വാതന്ത്ര്യസങ്കല്പവും ഇന്ദ്രിയാനുഭൂതിയുടെ സ്വച്ഛന്ദവിനിമയത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ ആവിഷ്കാരം തന്നെയാണ്. സാമാന്യയുക്തിയുടെയും വ്യവസ്ഥാപിത ധാർമ്മികമൂല്യങ്ങളുടെയും രേഖീയാഖ്യാനത്തിൽനി

ന്ന വ്യത്യസ്തമായി അനുഭവങ്ങളുടെ രാഷ്ട്രീയത്തെയാണ് ഇന്ദ്രിയാനുഭവങ്ങളുടെ ആഖ്യാനം പ്രശ്നവൽക്കരിക്കുന്നത്. ബാല്യകാലത്ത് താൻ കടന്നുപോയ പുന്നയൂർക്കുളത്തെ പ്രകൃതി സൗഭാഗ്യവും നാലപ്പാട്ടു തറവാട്ടിലെ സാംസ്കാരികപ്പെരുമയും വിവാഹാനന്തരം ജീവിച്ച നാഗരിക ജീവിതാനുഭവങ്ങളും രണ്ടുതരം ഇന്ദ്രിയാനുഭവങ്ങളുടെ അനുഭൂതികളാണ് മാധവിക്കുട്ടിയിൽ അവശേഷിപ്പിച്ചത്. തന്റെ സമസ്ത ഇന്ദ്രിയങ്ങളിലൂടെയും ആവാഹിച്ചെടുത്ത കാല്പനികതയുടെ വിചിത്ര ഭംഗികൾ, പ്രബുദ്ധമായ തറവാട്ടിൽ കഴിച്ച കുട്ടിക്കാലം ആ തറവാടിന്റെ സാമൂഹികാവസ്ഥ, സ്ത്രീകളുടെ ശരീരവും കാമനകളും മാനിക്കപ്പെടാത്ത അവസ്ഥ അതോടൊപ്പം നാഗരികതയുടെ കാപട്യങ്ങൾക്ക് നടുവിൽ ആത്മാഭിമാനം നഷ്ടപ്പെടുന്ന ഭാവാവസ്ഥകൾ, നിരാർദ്രവും സങ്കീർണ്ണവുമായ നാഗരികാനുഭവങ്ങൾ തുടങ്ങിയ സാമൂഹികവും വൈയക്തികവുമായ പലതരം സ്വത്വ നിർമ്മിതികളോട് സമരസപ്പെട്ടുകൊണ്ടാണ് അനുഭൂതികളും വൈകാരിക പ്രതികരണങ്ങളും പ്രവർത്തിക്കുന്നത്. തന്റെ മനസ്സിന്റെ നിഗൂഢമായ വാഞ്ഛകളേയും അതിരുകടന്ന മോഹങ്ങളേയും അസംതൃപ്തമായ ഇന്ദ്രിയങ്ങളുടെ വിശപ്പുകളെയും മറികടക്കാൻ മാധവിക്കുട്ടി തന്റെ സാഹിത്യരചനയെ ഉപയോഗിച്ചു. ഇന്ദ്രിയാവബോധം പൂർണ്ണമായും മാനസികമോ ന്യൂറോ ബയോളജിക്കലോ ആയ വ്യക്തിഗതപ്രതിഭാസം അല്ല. ഇന്ദ്രിയാവബോധം എന്നത് സാംസ്കാരികവും രാഷ്ട്രീയ സ്വഭാവമുള്ളതുമാണ്. ആശയവും വസ്തുവും, മനസ്സും ശരീരവും, തന്മയും സമൂഹവും, സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിൽ അവർ മധ്യസ്ഥത വഹിക്കുന്നു. സ്ത്രീയുടെ ദാക്ഷിണ്യ രഹിതമായ അന്തഃക്ഷോഭങ്ങളെ 'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു' എന്ന കഥയിൽ ആവിഷ്കരിക്കുന്നതു കാണാം. എല്ലായ്പ്പോഴും വഴക്കുകൂടിയിരുന്ന അച്ഛനുമമ്മയും, വഴക്കിന്റെ ഒടുവിൽ അച്ഛന്റെ ക്ഷോഭം കൂട്ടുന്ന അമ്മയുടെ കരച്ചിലുമെല്ലാം നിലവിളിയുടെ നിഷ്ഫലത അവളെ ബോധ്യപ്പെടുത്തിയിരുന്നു. അതിനാലവൾ സ്നേഹത്തിലഭയമാവാൻ കൊതിച്ചു. സ്നേഹത്തിന്റെ ശക്തി മനസ്സും ശരീരവും ഒരുപോലെ ആവശ്യപ്പെട്ടപ്പോൾ "തന്റെ വലയിൽത്തന്നെ കുടുങ്ങുന്ന ഒരു എട്ടുകാലിയെ പോലെയെന്നാണ് അവൾ അവളെത്തന്നെ വിശേഷിപ്പിക്കുന്നത്" (ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു). അവൾ സ്നേഹത്തെ കിടപ്പുമുറിയിലേക്ക് ഒരു സുഗന്ധമെന്ന പോലെ കൊണ്ടുചെന്നു. തിരിച്ചും ഭർത്താവിന്റെ കണ്ണുകളിലോ കൈത്തലത്തിന്റെ സ്പർശനത്തിലോ ഒരു പുഞ്ചിരിയിലോ ഉള്ള ഇന്ദ്രിയതലത്തിലെ സ്നേഹം അവൾ കൊതിച്ചു. എന്നാൽ അയാളുടെ രീതി അവൾ ഓർത്തെടുക്കുന്നു. 'ഒരാൾ ചായ കുടിക്കാൻ ഇഷ്ടപ്പെടുന്നു, അയാൾ ചായയെ സ്നേഹിക്കുന്നു' എന്നാണ് അയാളുടെ സ്നേഹത്തെ അവൾ  വിശേഷിപ്പിക്കുന്നത്. ചെറുപ്പത്തിൽ അവൾ സൗന്ദര്യത്തിന് മോഹിച്ചത് പോലും സ്നേഹത്തിലേക്കുള്ള ടിക്കറ്റായി സൗന്ദര്യത്തെ കണക്കാക്കിയതുകൊണ്ടാണ്. സ്നേഹിക്കപ്പെടാൻ മാത്രമായിട്ടാണ് അവൾ വിവാഹം ചെയ്തത്. വിവാഹാനന്തരം നൈമിഷികമായ ചില സ്നേഹനിമിഷങ്ങളെ അവൾ ആസ്വദിച്ചത് അപ്രകാരമാണ്. ഓരോ നിമിഷങ്ങളും തേൻ കഴിക്കുന്നതുപോലെ ഓരോ തുള്ളികളായാണ് പ്രണയം അവൾ അനുഭവിച്ചത്. എട്ടു വർഷം ഒന്നിച്ചു കഴിഞ്ഞിട്ടും മനസ്സിലാക്കാൻ കഴിയാത്ത ദാമ്പത്യം. മോഹം ഇവിടെ അഭീഷ്ടവസ്തുക്കളെ സ്വായത്തമാക്കുക എന്നതിനപ്പുറം നിലാവും നക്ഷത്രങ്ങളും പൂക്കളും ഉൽപ്പാദിപ്പിക്കുന്ന സ്പർശങ്ങൾ ശരീരത്തിലുളവാക്കുന്ന തീക്ഷ്ണതയാണ്. മോഹം മനുഷ്യകേന്ദ്രിതമാവുമ്പോൾ പ്രണയമാവുന്നു. അപരമനുഷ്യരുമായി കാമനാപരമായി ബന്ധപ്പെടുമ്പോഴുണ്ടാകുന്ന മോഹമാണ് പ്രണയം. ഇത് പൂർണ്ണതയുടെ അനുഭവമാണ്. എന്നാൽ ഉന്മാദപരമായ നിറവിന്റെ അനുഭവം

 ISSN: 2582 - 2594

അപൂർണ്ണമായതിനാൽ തന്നെ അവൾ ഒരു കവയിത്രിയായി. കലാരചനയിലെ ഇന്ദ്രിയാനുഭവങ്ങൾ പൊതുബോധത്തിന്റെ രക്ഷാകർത്തൃത്വത്തിന്റെ വരുതിയിൽ നിൽക്കുന്ന കാര്യമല്ല. ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു എന്ന കഥയുടെ തലക്കെട്ട് അങ്ങനെ അന്വർത്ഥമാകുന്നു. ശരീരത്തിന്റെ ഈ വ്യവസ്ഥപ്പെടുത്തലിൽ നിന്നങ്ങനെ അവൾ മോചിതയാകുന്നു.

### മരണത്തിന്റെ ഗന്ധം വഹിക്കുന്ന കഥകൾ

ഗന്ധത്തെക്കുറിച്ച് പഠനം നടത്തിയ ജോനാഥൻ റിയനാർസിനെപ്പോലുള്ളവർ ഗന്ധവും സ്വത്വരൂപീകരണവും തമ്മിൽ അടുത്തബന്ധമുള്ളതായി ചൂണ്ടിക്കാട്ടുന്നു. സംഘസ്വത്വം, വ്യക്തിസ്വത്വം എന്നിവയുടെ തലങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഉൽപ്പാദിപ്പിക്കുന്ന മേഖലയാണ് അദ്ദേഹത്തെ സംബന്ധിച്ച ഗന്ധം. അത് പിന്നീട് ലിംഗം, വംശം, പ്രായം, ദേശം, ഭക്ഷണം തുടങ്ങി തലമുറയുടെ നിറം വരെയുള്ള വിഭജനത്തിലേക്ക് വികസിക്കുകയോ പരസ്പരബന്ധത്തോടെ പ്രവർത്തിക്കുകയോ ചെയ്യുന്നുണ്ട്. വ്യക്തി, സമൂഹം, പ്രകൃതി എന്നിവയുമായി ബന്ധപ്പെട്ട് ആന്തരികമോ ബാഹ്യമോ ആയ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതാണ് ഗന്ധം. ഘ്രാണേന്ദ്രിയ ജ്ഞാനത്തിന് സാഹിത്യകൃതികളിലൂടെ ആളുകളുടെ സ്മൃതി, ഭാവന, ഇതര മനശ്ശാസ്ത്രപരമായ അനുഭൂതികൾ എന്നിവ ഉണർത്താൻ ശേഷിയുണ്ട് എന്ന് ആദ്യം തിരിച്ചറിഞ്ഞത് അമേരിക്കൻ ഫിസിഷൻ ഒലിവർവെൻ ഡൽ ഹോൾമ്സ് (Oliver Wendell Holmes) ആണ് (എസ്. ഗിരീഷ് കുമാർ പു. 6037). കൂടാതെ സ്ത്രീയേയും ഇടത്തേയും സർഗ്ഗാത്മകസൃഷ്ടികളിൽ അടയാളപ്പെടുത്താൻ ഘ്രാണേന്ദ്രിയം സവിശേഷമായി ഉപയോഗിക്കപ്പെടുന്നു എന്ന ആശയവും അദ്ദേഹം മുന്നോട്ടുവയ്ക്കുന്നു. ജൈവശരീരത്തെ സാമൂഹിക ശരീരമായി പരിവർത്തിപ്പിക്കുന്നതിൽ ഗന്ധവും ഭാഗഭാക്കാകാറുണ്ട്. മണത്തിന് ശക്തമായ വൈകാരിക പ്രതിഫലനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് മാധവിക്കുട്ടിയുടെ കഥകൾ തെളിയിക്കുന്നു. തലച്ചോറിനെ ഗന്ധം നേരിട്ടു ബാധിച്ചുകൊണ്ട് തന്നെ പ്രവൃത്തിയെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യും. ഒരേ ഗന്ധം വ്യത്യസ്ത വ്യക്തികളിൽ ഇഷ്ടവും ഇഷ്ടക്കേടും ഉണ്ടാക്കുന്നതും അത് സാമൂഹിക മാനങ്ങളിലേക്ക് വികസിക്കുകയും ചെയ്യുന്നത് കഥകളിൽ കാണാം. ജീവിതത്തിന്റെ ആന്തരികവും ബാഹ്യവുമായ പ്രത്യേകത സൂക്ഷ്മ-സ്ഥൂലസ്ഥലങ്ങളിൽ ആവിഷ്കരിക്കുന്ന ഉപാധിയായി ഗന്ധം പരിഗണിക്കപ്പെടുന്നു. പരിത്യക്തയായ സ്ത്രീ എന്ന ആശയത്തിന്റെ വിവിധ തരത്തിലുള്ള ആവിഷ്കാരങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ കാണാം. ഇന്ദ്രിയനിഗ്രഹങ്ങളുടെ അംശങ്ങൾ ഉള്ള നിരവധി കഥകൾ മാധവിക്കുട്ടി രചിച്ചിട്ടുണ്ട്. എഴുത്തും ഇന്ദ്രിയവും തമ്മിലുള്ള ബന്ധം പക്ഷിയുടെ മണം എന്ന കഥയിൽ വ്യക്തമായി തെളിയുന്നു. ജീവിതത്തിന്റെ നിരർത്ഥകതയിൽ നിന്ന് മരണത്തിന്റെ മണം തേടിയുള്ള യാത്ര മരണത്തെ ഘ്രാണശക്തിയിലൂടെ തെരഞ്ഞെടുക്കുകയാണ്. ലിഫ്റ്റിൽ കുടുങ്ങിയ ഒരു ആകസ്മിക അനുഭവത്തിൽനിന്ന് രൂപപ്പെട്ട കഥയാണ് പക്ഷിയുടെ മണമെന്ന് കഥാകാരി തന്നെ സൂചിപ്പിക്കുന്നുണ്ട് (സ്വപ്നങ്ങളുടെ ജ്വാലാമുഖം / മാതൃഭൂമി 1996:4.21). കഥയുടെ ഭാവഘടനയായി ഈ കഥയിൽ ഇന്ദ്രിയങ്ങളെ പ്രതിഷ്ഠിക്കുന്നു. അന്യതാ ബോധം, മരണസ്മൃതി, മരണഭീതി, സ്വപ്നാത്മകമായ വിഭ്രാന്തികൾ, മനുഷ്യൻ ചെന്ന് ചാടുന്ന ഊരാക്കുടുക്കുകൾ എന്നിവ ഇന്ദ്രിയങ്ങളുടെ ഒരുതരത്തിലുള്ള ഉന്മാദാവസ്ഥയിൽ എത്തിക്കുന്നതെപ്രകാരമാണെന്ന് കഥ ആവിഷ്കരിക്കുന്നു. മരണഭീതിയും ലൈംഗികതയും കഥയുടെ സമഗ്രതയെ ചൂഴ്ന്നുനിൽക്കുന്നു. മരണത്തിന്റെ മണത്തിന്റെ പരമ്പരയിൽ പ്രിയപ്പെ

ട്ടവരുടെ വിയോഗസമയത്തെല്ലാം അനുഭവിച്ച വൈകാരികാവസ്ഥ ആ സമയത്തുണ്ടായ മണത്തിലൂടെ കഥാപാത്രം തിരിച്ചുപിടിക്കുന്നു. ഓരോ വ്യക്തിയേയും ജീവിതത്തെയും മരണത്തേയും രതിയേയും മണം കൊണ്ട് അടയാളപ്പെടുത്തുന്നു, "മരണത്തിന്റെ മണം." പണ്ട് എന്റെ കിടപ്പുമുറിയിൽ തണുപ്പ് കാലത്ത് ഒരു പക്ഷി വന്നുപെട്ടു. മഞ്ഞകലർന്ന തവിട്ടു നിറം. അത് ജനവാതിലിന്റെ ചില്ലിൻമേൽ കൊക്ക് കൊണ്ട് തട്ടി നോക്കി. ചില്ല് പൊട്ടിക്കുവാൻ ചിറകുകൾ കൊണ്ടും തട്ടി. അത് എത്ര ക്ലേശിച്ചു. എന്നിട്ട് എന്തുണ്ടായി. അത് ക്ഷീണിച്ച് നിലത്തു വീണു. ഞാനതിനെ എന്റെ ഷൂസിട്ട കാലുകൊണ്ട് ചവിട്ടിയരച്ചുകളഞ്ഞു. നിനക്കറിയാമോ മരണത്തിന്റെ മണമെന്താണെന്ന്? ......പക്ഷിത്തൂവലുകളുടെ മണമാണ് മരണത്തിന്. നിനക്കതറിയാറാവും അടുത്തുതന്നെ. "തുടർന്ന് മരണത്തിന്റെ വിവിധ മണങ്ങൾ അവൾ ഓർത്തെടുക്കുന്നു. അമ്മയുടെ മരണത്തിന്റെ മണം പഴുത്ത വ്രണങ്ങളുടെ മണമായും അച്ഛന്റെ മരണം പഴത്തോട്ടങ്ങളുടെ മധുരമായ മണമായും, ചന്ദനത്തിരികളുടെ മണമായും അവളിൽ വന്നുനിറയുന്നു. പക്ഷിത്തൂവലുകളുടെ മണമാണ് മരണത്തിന് എന്ന് പറഞ്ഞുകൊണ്ട് തന്നെ സമീപിക്കുന്ന മരണത്തിന്റെ പ്രതിരൂപമായ പുരുഷരൂപം സ്നേഹത്തിന്റെ ഗന്ധമായി മരണത്തിന്റെ സാമീപ്യത്തെ അവളെ അറിയിക്കുകയാണ്. മരണാഭിമുഖ്യവും അസ്തിത്വത്തിന്റെ സംഘർഷങ്ങളും ആധുനികതയിൽ തെളിഞ്ഞുകാണുന്ന സവിശേഷതയാണെങ്കിലും മരണത്തിന്റെ തീക്ഷ്ണത കാവ്യാത്മകതയോടെ അനുഭവപ്പെടുത്തുന്നുണ്ട്. തന്റെ ഇന്ദ്രിയങ്ങൾ ആഗ്രഹിച്ച മരണമാണെന്ന് വരുത്തിത്തീർക്കാൻ ഈ പ്രതിപുരുഷനാവുന്നുണ്ട്. കുട്ടിക്കാലത്ത് മഞ്ഞക്കമല പിടിച്ച് കിടന്നപ്പോൾ മഞ്ഞ അരളിപ്പൂക്കളുടെ രൂപത്തിൽ മാർഗ്ഗദർശിയായ് മരണത്തിന്റെ സാമീപ്യമവൾ അറിഞ്ഞത് അവൾ ഓർത്തെടുക്കുന്നു. ജീവിതതീക്ഷ്ണതയുടെ നിമിഷങ്ങളെ തിരിച്ചുപിടിക്കുന്നതു പോലെ ഉടലുണർവ്വുകളെ തൊട്ടുണർത്തുന്ന രീതിയിൽ മരണം നൽകുന്ന സ്വാതന്ത്ര്യത്തിൽ "നീ ഒന്നുമല്ലാതായി തീരും, പക്ഷേ എല്ലാമായിത്തീരും, കടലിന്റെ ഇരമ്പലിലും നീ ഉണ്ടാവും, മഴക്കാലത്ത് കൂമ്പുകൾ പൊട്ടിമുളയ്ക്കുന്ന പഴയ മരങ്ങളിലും നീ ചലിക്കുന്നുണ്ടാവും. പ്രസവവേദനയനുഭവിക്കുന്ന വിത്തുകൾ മണ്ണിന്റെ അടിയിൽ കിടന്നു തേങ്ങുമ്പോൾ, നിന്റെ കരച്ചിലും ആ തേങ്ങലോടൊപ്പം ഉയരും. നീ കാറ്റാവും, നീ മഴത്തുള്ളികളാവും, നീ മണ്ണിന്റെ തരികളാവും.... നീയായിത്തീരും ഈ ലോകത്തിന്റെ സൗന്ദര്യം" എന്ന് പ്രതികരിക്കുമ്പോൾ അത് ബോധ്യപ്പെട്ടെന്നപോലെ അവൾ തീരെ ക്ഷീണം മാറിയവളായി അവൾക്ക് സ്വയം അനുഭവപ്പെടുന്നു. സ്നേഹത്തിന്റെ പൂർണ്ണതയോ സാക്ഷാത്ക്കാരമോ മരണം വരിക്കുമ്പോൾ മാത്രമേ സാധ്യമാവൂയെന്നും പക്ഷിയുടെ മണവുമായെത്തുന്ന പ്രതിപുരുഷൻ പഠിപ്പിക്കുന്നു. പ്രകൃതിദത്തമായ ഏറ്റവും നൈസർഗ്ഗികമായ സ്നേഹം കൊതിച്ച കഥാകാരി കേവല യാഥാർത്ഥ്യങ്ങളേയും സ്വപ്നത്തിന്റെയും സത്യത്തിന്റെയും അതിർത്തിരേഖകൾ മായ്ക്കുന്ന രീതിയിലുള്ള ആഖ്യാനത്തിലൂടെയാണ് ഈ സാക്ഷാത്ക്കാരം സാധ്യമാക്കുന്നത്.

ജീവിത രതിയും മരണവും ഗന്ധത്തിന്റെ സാന്നിധ്യത്തിലൂടെ ആവിഷ്ക്കരിക്കുന്നത് മറ്റു കഥകളിലും കാണാം. "പാതിവ്രത്യമെന്ന സമസ്യ" എന്ന കഥയിൽ ദാമ്പത്യജീവിതത്തിന്റെ മടുപ്പ് അടയാളപ്പെടുത്തുന്നതിങ്ങനെയാണ്. "അയാളുടെ സ്നേഹത്തിനു പഴകിയ വിയർപ്പിന്റെയും ശുക്ലത്തിന്റെയും മണമാണ്. ചലവും ശുക്ലവും മദ്യവും കൂടിച്ചേർത്തുണ്ടാക്കിയ ഒരു രാസവസ്തുവാണ് അയാളുടെ സ്നേഹം. അതിൽ നിന്നു മാത്രമേ അവൾക്കു രക്ഷപ്പെടേണ്ടതുള്ളൂ. പക്ഷേ

 ISSN: 2582 - 2594

അതിൽ നിന്നു മാത്രമേ രക്ഷപ്പെടാൻ സാധിക്കാതെ വരികയുള്ളൂ" എന്നാണ്. ശരീരത്തിന്റെ ഉടലറിവുകൾ ഗന്ധത്തിന്റെ അകമ്പടിയിൽ സ്നേഹിക്കാനും വെറുക്കാനും കഴിയുന്നത് ഈ ഇന്ദ്രിയാനുഭൂതിയിലൂടെയാണ്. 'രോഹിണി'യെന്ന കഥയിലും ദാമ്പത്യബന്ധത്തിലെ മടുപ്പ് നീയെന്താണ് ഉറങ്ങുമ്പോൾ പോലും ഒന്നയയാത്തത് എന്ന ഭർത്താവിന്റെ ചോദ്യത്തിന് അവൾ പറയുന്ന ഉത്തരം ഇപ്രകാരമാണ്: 'ഞാനിങ്ങനെയാണ്.... പോരെങ്കിൽ നിങ്ങളുടെ ശരീരത്തിന്റെ ഗന്ധകഗന്ധം എനിക്കിഷ്ടമല്ല. നിങ്ങൾ വിയർക്കുമ്പോൾ ആ ഗന്ധം എന്നെ കീഴ്പ്പെടുത്തുന്നു. ശ്വാസം മുട്ടിക്കുന്നു'. 20 വർഷത്തെ ദാമ്പത്യത്തിന്റെ മടുപ്പിന് കാരണം ശരീരഗന്ധത്തിന്റെ ഈ മുഷിവ് ആണ്. പിന്നീട് വിജയനുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ അവളുടെ ജീവിതത്തിലെ ഏറ്റവും ഹർഷോന്മാദമുഖമായ അനുഭവമായി അത് തീരുകയും അവളിലെ ഏറ്റവും കട്ടിയായ ഭാഗം പോലും ഉരുകിയൊലിക്കുകയും വിജയന്റെ സ്നേഹത്തിന്റെ ആരാധികയായി അവൾ തീരുകയും ചെയ്യുന്നു. സ്പർശം, ഗന്ധം, രുചി എന്നിവയുമായി ബന്ധപ്പെട്ട ബിംബങ്ങൾ നെയ്പ്പായസം, കോലാട് എന്നീ കഥകളിലും കാണാം. മരണത്തിന്റെ സ്പർശം തട്ടിയ നെയ്പ്പായസത്തിന്റെ രുചി അമ്മ ഉണ്ടാക്കിയ പായസം മതിയെന്ന് ഉണ്ണി വാശി പിടിക്കുമ്പോൾ അച്ഛൻ മരണത്തിന്റെ സ്പർശം തട്ടിയ നെയ്പ്പായസം കുട്ടികൾക്ക് നൽകുകയാണ്. ആശുപത്രി കിടക്കയിലും അടുക്കളയിലെ അടുപ്പിൽ കരിയുന്ന പരിപ്പിന്റെ മണം എഴുത്തിന്റെ കലവറയുടെ ഗന്ധമാണ് ആവാഹിക്കുന്നത്.

പ്രണയത്തിന്റെ സംഗീത സാന്ദ്രമായ ഇന്ദ്രിയാവിഷ്ക്കാരം, പ്രണയത്തിന്റെ ആർദ്രമധുരമായ ആത്മസമർപ്പണം ഒരു മഹാ അനുഭവമായി 'തരിശുനിലം' എന്ന കഥയിൽ അവതരിപ്പിക്കുന്നുണ്ട്. അനന്തവും അനശ്വരവുമായ ഭൂതകാലപ്രണയത്തിലൂടെ സഞ്ചരിച്ച് അവളുടെ തൃഷ്ണകളെ ഒന്ന് കൂടി മുറിപ്പെടുത്തി ഏകാന്തതയേയും പ്രണയത്തേയും മരണത്തിൽ ശമിപ്പിക്കുകയാണ് കഥാവസാനം. പ്രണയിനിയുടെ അശാന്തമായ മനസ്സും വിങ്ങലും അനുഭവിപ്പിക്കാൻ കഥയുടെ ഭാവതലത്തിന് സാധിക്കുന്നുണ്ട്. ശരീരത്തിന്റെ ഓരോ അണുവിലും അലിഞ്ഞുചേരുന്ന ഗാഢമായ പ്രണയബന്ധം. പ്രണയത്തിനുള്ള ദാഹം തീവ്രമായ തൃഷ്ണയായി അവളിൽ വെളിപ്പെടുന്നു. കഥാവസാനം അവൾ ദാഹിക്കുന്ന കണ്ണുകളോടെ തിരിഞ്ഞുനോക്കിയപ്പോൾ അകം പൊള്ളയായ കൂരിരുട്ട് മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. പ്രണയനഷ്ടം അവളെ ദാഹാർത്തയാക്കുന്നതും അതിന്റെ അനന്തരഫലമായി ഹൃദയം തരിശാകുകയും ചെയ്യുന്നത് കഥയിൽ വിനിമയം ചെയ്യപ്പെടുന്നു. ഭൂമിയിലേക്ക് വേരുകളാഴ്ത്തി നിൽക്കുന്ന കാട്ടുമരം അസംതൃപ്തമായ പ്രണയ തൃഷ്ണയുടെ ഭ്രമക്കാഴ്ചകളായി വളർന്നുകൊണ്ടിരിക്കുകയും ഒരു കാട്ടു പക്ഷിയെ കണക്ക് അവൾ മരണത്തിലേക്ക് ചേക്കേറുകയും ചെയ്യുന്നു. പ്രണയത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനമായി മരണം സ്വീകരിച്ച് കഥ അവസാനിക്കുന്നു.

### ഉന്മാദം എഴുത്തിന്റെ സ്ത്രൈണോർജ്ജം

പുരുഷാധിപത്യക്രമങ്ങളുടെ സ്ഥാപിതതാൽപ്പര്യങ്ങളെ അതിലംഘിച്ചുകൊണ്ട് ലൈംഗികതയിലും ക്രിയാത്മകതയിലും സ്ത്രൈണോർജ്ജത്തിന്റെ പുതുസാധ്യതകൾ അന്വേഷിക്കുന്ന എഴുത്തുകാരെ ഒറ്റപ്പെടുത്താനും അരികുവൽക്കരിക്കാനും ഉന്മാദിനി (മനോരോഗ)യെന്ന ആരോപണം ഉപയോഗിക്കാറുണ്ട്. ഉടലനുഭവങ്ങൾ ഉല്പാദിപ്പിക്കുന്ന ഉന്മാദാവസ്ഥകൾ ഭാവനയുടെ ലോകത്ത് ആവിഷ്ക്കരിക്കുമ്പോൾ അവയെ വിഭ്രാമകമായി കണ്ട് അടിച്ചമർത്തുകയോ

അവയ്ക്ക് വിധേയമാകുന്നവരെ മനോനില തെറ്റിയവരായി കണക്കാക്കുകയോ ചെയ്യുകയും അവർക്ക് മനോരോഗ ചികിത്സ വിധിക്കുകയും ചെയ്തുപോരുന്നു. സമൂഹ പരികല്പിതമായ സ്ഥിരതാ സങ്കല്പങ്ങളെ അതിലംഘിക്കുന്ന മാനസികാവസ്ഥയാണ് ഉന്മാദം. ഒരു സമൂഹജീവിയെന്ന നിലയിൽ വ്യത്യസ്ത സാമൂഹിക സന്ദർഭങ്ങളിൽ പ്രതീക്ഷിതമായ പെരുമാറ്റ രീതികളെ മറികടക്കുന്ന ഏതുതരം പെരുമാറ്റ രീതിയും ഉന്മാദമായി സമൂഹം ഗണിക്കുന്നു. അബോധ മനസ്സിൽ അടിച്ചമർത്തപ്പെട്ട ഇച്ഛകളാണ് വ്യത്യസ്ത ബിംബങ്ങളോ പ്രതീകങ്ങളോ ആയി സ്വപ്നങ്ങളിലെന്നപോലെ സാഹിത്യത്തിലും പ്രത്യക്ഷപ്പെടുന്നത്. ആന്തരികചോദനകളുടെ ഫലമായി യാഥാർത്ഥ്യത്തിൻ നിന്ന് അകന്നകന്ന് ഭ്രമകല്പനകളിലേക്ക് നീളുന്ന മാനസികാവസ്ഥ കലകളിലും ന്യൂറോസിസിലും ഒരു പോലെ കാണുന്നു (പി.എം. ഗിരീഷ് പുറം 27). അനാവൃതമാകുന്ന മോഹങ്ങളുടെ സഞ്ചാരപഥങ്ങളിൽ കേന്ദ്രീകൃതമായ സ്വത്വബോധങ്ങൾ മാഞ്ഞുപോകുകയും ഇന്ദ്രിയാനുഭൂതികൾ ഉടലുകളിലൂടെ കടന്നുപോകുന്ന തീക്ഷ്ണതകളായി പടരുകയും ചെയ്യുമ്പോൾ ചിലപ്പോൾ ഭ്രമാത്മകതയുടെയോ ഉന്മാദത്തിന്റെ പാഠങ്ങളായോ അത് വായിക്കപ്പെടുന്നു. ഇന്ദ്രിയാനുഭവങ്ങളെ പ്രശ്നവൽക്കരിച്ചുകൊണ്ട് പലതരം മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഉടലുണർവുകൾ പ്രവർത്തിക്കുന്നത് എന്ന് ദെല്യൂസും ഗോത്താരിയും പറയുന്നു. ശരീരം എന്നത് വെർച്വൽ ആയിട്ടുള്ള വ്യവസ്ഥകളുടെയും കാമനകളുടെയും ആകെത്തുകയാവുമ്പോൾ സമൂഹത്തിന്റെ / ശരീരത്തിന്റെ വ്യവസ്ഥകൾ അനുസരിക്കാത്ത പലതരം കാമനകളുടെ ആകെ തുകയായ ശരീരം ഉന്മാദത്തിന്റെയോ ഭ്രമാത്മകതയുടെതോ ആയ ഭ്രമിക തെരഞ്ഞെടുക്കുന്നു. സമൂഹം, ജാതി, മതം, സൗന്ദര്യാനുഭൂതികൾ, നിയമവ്യവസ്ഥ തുടങ്ങിയ അവയവങ്ങളാൽ സംഘാതം ചെയ്യപ്പെട്ട ശരീരത്തിൽ നിന്നുള്ള സ്വാതന്ത്ര്യപ്രഖ്യാപനം കൂടിയാണ് മാധവിക്കുട്ടി തന്റെ മിക്ക കഥകളിലൂടെയും സാധിക്കുന്നത്. സാമൂഹ്യ സാഹചര്യങ്ങളോട് പൊരുത്തപ്പെടാത്ത വ്യക്തിയുടെ അഭിലാഷങ്ങൾ രൂപാന്തരം പ്രാപിച്ച് തിരിച്ചെത്തുന്നതാണ് മനോനിഷ്ഠഫാന്റസിയെന്ന് മാധവിക്കുട്ടിയുടെ കഥകളിലെ ഫാന്റസിയെ വിലയിരുത്തിക്കൊണ്ട് വത്സലൻ വാതുശ്ശേരി അഭിപ്രായപ്പെടുന്നു (വത്സലൻ വാതുശ്ശേരി, പുറം 69. 2004). കല്യാണി എന്ന കഥയിൽ ഭർത്താവിനെ ഓഫീസിൽ വിട്ട് തിരിച്ചുവരുന്ന അമ്മിണി മേനോനെ നീ കല്യാണിയാണ് എന്ന് ഉറപ്പിച്ച് പറഞ്ഞ് പോലീസ് സ്റ്റേഷനിലേക്ക് പിടിച്ചുകൊണ്ടുപോവുകയും മാനസികവും ശാരീരികവുമായി പീഡിപ്പിക്കുകയും ചെയ്തപ്പോൾ ആഖ്യാനത്തിൽ ഭ്രമാത്മകതയുടെ സ്പർശം നൽകി അവതരിപ്പിക്കുകയാണ് കഥാകാരി. പലതരം കാമനകളാലും ഭീതികളാലും നയിക്കപ്പെടുന്ന സ്ത്രൈണതയുടെ പ്രതിസന്ധി ഭ്രമകല്പനയിലൂടെ ആവിഷ്കരിക്കപ്പെടുകയാണ്. ഒരു വീട്ടമ്മയുടെ അരക്ഷിതത്വ ഭീതിയും അടിച്ചമർത്തപ്പെട്ട ലൈംഗികാഭിനിവേശവുമൊക്കെ ചേർന്ന് പോലീസുകാരാൽ അനായാസം വേട്ടയാടപ്പെട്ടുന്ന ഒരു വേശ്യയായി മാറുന്നതിലെ പരികല്പന യാഥാർത്ഥ്യമോ സ്വപ്നമോ എന്ന രീതിയിൽ ആവിഷ്കരിക്കപ്പെടുകയാണ്. സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന പുരുഷാധിപത്യം, നീതി, സ്നേഹം, ചിന്ത, നിയമവ്യവസ്ഥ എന്നിവയെ സംബന്ധിച്ച ധാരണകൾ ഇന്ദ്രിയാനുഭവങ്ങളിലൂടെ സ്വാംശീകരിക്കുമ്പോൾ ഒരു ഘട്ടത്തിൽ അവൾ കല്യാണി തന്നെയാണോ എന്ന് അവൾ തിരിച്ചു ചോദിക്കുന്നുണ്ട്. ആന്തരികതയിൽ വിപരീതങ്ങളെ മുഖാമുഖം നിർത്തി സാമാന്യയുക്തിയുടെയും വ്യവസ്ഥാപിത ധാർമ്മികമൂല്യങ്ങളുടെയും രേഖീയാഖ്യാനത്തിൽ നിന്ന് വ്യത്യസ്തമായി അനുഭവങ്ങളുടെ രാഷ്ട്രീയത്തെ ഇവിടെ പ്രശ്നവൽക്കരിക്കുന്നു.


ISSN: 2582 - 2594

## ഉടലറിവും നിറങ്ങളും

ഉടലറിവിന്റെ ആവിഷ്ക്കാരമായി നിറങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ പലപ്പോഴും കടന്നു വരാറുണ്ട്. നിറങ്ങൾ തിന്നുകൊണ്ടാണ് ഞാൻ എഴുതുന്നത് എന്ന് അവർ പറയുന്നു (ഡോ. എം. രാജീവ് കുമാർ, പുറം. 16. 2014). വികാരങ്ങളെ ഉണ്ടാക്കുന്നത് ശരീരമാണ്. വികാരങ്ങളുടെയും മാനസിക വിനിമയത്തിന്റേയും കേന്ദ്രം ശരീരമാണ്. അതു കൊണ്ടു തന്നെ വികാരങ്ങളുടെ അവസ്ഥാവിശേഷം അവർ തെരഞ്ഞെടുക്കുന്ന നിറങ്ങളിലുണ്ടാവും. വി.എസ് രാമചന്ദ്രന്റെ (The Tell Tale Brain) ന്യൂറോ സൗന്ദര്യശാസ്ത്രസിദ്ധാന്തത്തിൽ നിറങ്ങളുടെ അടിസ്ഥാനം പഠിക്കപ്പെടുന്നുണ്ട്. "എന്റെ യൗവ്വനം നീലകണ്ണാടിയിൽ മഞ്ഞയിലകൾ പോലെ കൊഴിഞ്ഞു വീഴുന്നത് മാത്രം ഞാൻ നോക്കിക്കണ്ടു" എന്ന് എന്റെ കഥയിൽ അവർ ഓർക്കുന്നു.

സാമൂഹികവും പാരിസ്ഥിതികവും ശാരീരികവുമായ അവസ്ഥകളെ യോജിപ്പിക്കുന്ന കണ്ണി എന്ന നിലയിൽ നിറം വലിയ പ്രാധാന്യമർഹിക്കുന്നുണ്ട്. നീലിമ ഏറ്റവും സാന്ദ്രമായ ഒരു അനുഭവമായി മാധവിക്കുട്ടിക്കഥകളിൽ മാറുന്നത് കാണാം. സ്വാതന്ത്ര്യത്തിന്റെയും പ്രണയത്തിന്റെയും ഭ്രമത്തിന്റെയും വർണ്ണമായി നീലിമ കഥകളിൽ ആവർത്തിക്കുന്നു. മലഞ്ചെരുവുകളിലെ സ്വപ്ന കഥാപാത്രം കടന്നുവരുന്നത് നീല നിറം പൂണ്ട മലകൾക്ക് നടുവിലൂടെയാണ്. ഭ്രമാത്മകതയുടെ അനുഭവം പകരുന്നിടത്തും നീല നിറത്തിന്റെ അതിപ്രസരം കാണാം. 'പരുന്തുകൾ' എന്ന കഥയിലെ നീലശംഖുപുഷ്പങ്ങൾ, നീലാകാശം, നീല നിറമുള്ള ദിവസം തുടങ്ങിയ നിറക്കാഴ്ചകൾ ദൃശ്യ ശ്രാവ്യ അനുഭൂതി നൽകുന്ന വൈകാരിക വിനിമയം സാധ്യമാക്കുന്നു. കല്യാണിയിലെ അമ്മിണിയെ തടവിലിട്ട മുറിക്ക് കടും നീല നിറത്തിലുള്ള പർദ്ദ തൂക്കിയ ജനവാതിൽ കാണാം. ഉണ്ണി എന്ന കഥയിലും നീലക്കുപ്പായമിട്ട ഉണ്ണിയേയും കിടപ്പുമുറിയിൽ ഒരു നീല കണ്ണാടിയും കാണാം. നീല പ്രണയസാക്ഷാത്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും നിറമാണെങ്കിൽ മഞ്ഞ ദുരന്തത്തിന്റെയും മരണത്തിന്റെയും നിറമായാണ് കഥകളിൽ കാണുന്നത്. പക്ഷിയുടെ മണത്തിലെ മഞ്ഞ സാരിയുടുത്ത കഥാപാത്രം, മഞ്ഞരിപ്പൂവ്, മഞ്ഞക്കമല, മഞ്ഞകലർന്ന തവിട്ടു നിറമുള്ള പക്ഷി തുടങ്ങിയ ഉദാഹരണങ്ങൾ കഥയിൽ കാണാം. രതിയുടെയും അനുരാഗത്തിന്റെയും വർണ്ണമായി ചുവപ്പ് ആവർത്തിച്ച് കഥകളിൽ വരുന്നുണ്ട്. രാജാവിന്റെ പ്രേമഭാജനം എന്ന കഥയിൽ 35 വയസ്സുകാരി ഹോട്ടലിലെ ചുവന്ന പരവതാനി ചവുട്ടി പോവുന്നത് അനുരാഗത്തിന്റെ വഴികളിലേക്ക് ആണ്. മനുഷ്യൻ പാവമാണ് എന്ന കഥയിലെ അമ്മ തന്റെ മകനെ കുറിച്ചുള്ള ഓർമ്മ അവസാനിപ്പിക്കുന്നത് പല നിറങ്ങളിലാണ്. ഇലകളുടെ പച്ച, കടും പച്ചയായി, പൂക്കൾ സ്വർണ്ണ നിറം പിടിച്ച് മലകൾ മഞ്ഞിൽ കട്ടകൾ പോലെ ആകാശത്തിന്റെ നീലയിൽ അലിയുമ്പോൾ വൈയക്തികമായ എല്ലാറ്റിന്റേയും സ്വച്ഛന്ദമായ ലയനം സാധ്യമാക്കുകയാണ്. പ്രകൃതിപാഠങ്ങളുമൊത്ത് ചേർന്ന് സ്വാതന്ത്ര്യത്തിന്റെ ആകാശനീലിമയിൽ അവ വിലയം പ്രാപിക്കുന്നു. നരിച്ചീറുകൾ പറക്കുമ്പോൾ എന്ന കഥയിലും മങ്ങി കത്തുന്ന വിളക്ക്, രണ്ട് കുട്ടികളേയും ഒന്നിച്ചു മൂടുന്ന ഒരു മഞ്ഞപ്പുതപ്പ് എന്ന് മഞ്ഞനിറം ദുരന്തത്തിന്റെയും നഷ്ടത്തിന്റെയും നിറമായി കടന്നുവരുന്നുണ്ട്. ചുവപ്പു നിറം പ്രണയത്തിന്റെ അനുരണനം നൽകുന്നതിനായി പല കഥകളിലും ആവർത്തിക്കപ്പെടുന്നു. സ്ത്രീ പുരുഷ പ്രണയത്തിന്റെ ആസക്തി വെളിപ്പെടുത്തുന്ന വർണ്ണമായ ചുവപ്പ് കഥാകാരി വസ്ത്ര തെരഞ്ഞെടുപ്പിലും ജനാല ശീലുകളിലും ഒക്കെ വിരിയിച്ചിട്ടുണ്ട്.

### പരിത്യക്തയായ സ്ത്രീ കഥാപാത്രങ്ങൾ

പരിത്യക്തയായ സ്ത്രീ എന്ന ആശയത്തിന്റെ വിവിധ തരത്തിലുള്ള ആവിഷ്ക്കാരങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ കാണാം. പരിത്യക്തയായവർ പലരും ഇന്ദ്രിയനിഗ്രഹങ്ങളുടെ അംശങ്ങൾ ഉൾക്കൊള്ളുന്നത് ഇത്തരം കഥകളിൽ കാണാം. സ്ത്രൈണമായ ലൈംഗിക തയ്ക്ക് ഗാർഹികതയുടെ ചുമരുകൾ അതിരുകൾ സൃഷ്ടിക്കുന്നു. കുടുംബഘടനയുടെ കെട്ടുറപ്പ് മാതൃത്വത്തിന്റെ ചട്ടക്കൂടിൽ ഒതുക്കി ഉറപ്പിച്ച് നിർത്തുന്നത് നെയ്പായസം, കോലാട് എന്നീ കഥകളിൽ കാണാം. നെയ്പായസത്തിന്റെ രുചിയിൽ കുട്ടികൾ അമ്മയെ ചേർത്തുവയ്ക്കുന്നു. എന്നാലവൾ ആരോടും യാത്രപോലും പറയാതെ വീട്ടിലെ ചൂലിനടുത്ത് മരിച്ചുവീണു കിടന്നു. മണിക്കൂറുകളായിട്ടും മക്കൾ പോലും തിരിച്ചറിയാതെ ഇന്ദ്രിയ നിഗ്രഹം പൂർണ്ണാർത്ഥത്തിൽ സ്വീകരിച്ചവൾക്ക് ഒരു പേരിന്റെ അസ്തിത്വം പോലുമില്ല. കോലാട് എന്ന കഥ അതിന്റെ പേരു കൊണ്ട് തന്നെ “ത്യാഗത്തിന്റെ വാങ്മയത്തെ, ബലിയുടെ, ചൂഷണത്തിന്റെ, ശരീര കല്പനകളായി തിരുത്തിയെഴുതുന്നു” എന്ന് ഇ.വി. രാമകൃഷ്ണൻ അഭിപ്രായപ്പെടുന്നു (മാധവിക്കുട്ടി പഠനങ്ങളും രചനകളും). സാഹിത്യഭാഷയ്ക്കുള്ളിൽ സ്ത്രൈണാനുഭവങ്ങളെ എപ്രകാരമാണ് ഗോപനം ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ “അവളുടെ നാല്പത്തി മൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്ത മകൻ പറഞ്ഞ സംഭാഷണത്തിൽ നിന്നു മനസ്സിലാക്കാം. അമ്മയുടെ മുഖം ഒരു കോലാടിനെ പോലെയുണ്ട്” എന്ന്. രണ്ടു മുറികളുള്ള കൊച്ചുവീട്ടിൽ വിശ്രമമില്ലാതെ ജോലിചെയ്യുന്ന രണ്ടു കാലുകൾ ചലിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു. ഒരു സ്ത്രീയെന്ന നിലയിൽ സ്ത്രൈണ സത്തയുടെ ജീവോർജ്ജം പ്രസരിപ്പിക്കാൻ കഴിയാതെ പരിത്യക്തയാകുന്നു.സ്ത്രീക്ക് ശരീരം അവളുടെ സ്വത്വാവിഷ്ക്കാരത്തിനുള്ള ഉപാധിയാണെന്ന തിരിച്ചറിവ് കൂടി നഷ്ടപ്പെടുന്നു.

### മാധവിക്കുട്ടിയുടെ കഥകളിലെ ബാല്യാനുഭവങ്ങൾ

ജനനം, മരണം, ശരീര പ്രവർത്തനം, ആൺ-പെൺ ഭേദം, ബന്ധങ്ങളുടെ ഊഷ്മളത, ശരിതെറ്റുകളെ കുറിച്ചുള്ള ചിന്ത, സൗന്ദര്യം തുടങ്ങിയവ രൂപപ്പെടുന്നതിൽ പ്രായത്തിന്റെ ഇന്ദ്രിയാനുഭൂതികൾ വലിയവരുടേതിൽ നിന്ന് കുട്ടികളുടേത് വ്യത്യസ്തമാണ്. ചടുലമായ ആഖ്യാനം, സംക്ഷിപ്തമായ ഘടന, ആന്തരികമായ കാവ്യാത്മകത എന്നിവകൊണ്ട് ഇത്തരം കഥകൾ സമ്പന്നമാണ്. ഉണ്ണി, നാവിക വേഷം ധരിച്ച കുട്ടി തുടങ്ങിയ കഥകൾ ഇതിന് ഉദാഹരണമായെടുക്കാം. നുണകൾ എന്ന കഥ കുട്ടിയുടെ പക്ഷത്ത് നിന്നുകൊണ്ട് ആഖ്യാനം നിർവ്വഹിച്ച കഥയാണ്. യഥാർത്ഥ്യമാണോ സ്വപ്നമാണോ എന്ന് വേർതിരിച്ചറിയാൻ കഴിയാത്ത ബാല മനസ്സിന്റെ വിഹ്വലതകൾ മുതിർന്നവർ മനപൂർവ്വം ചൂഷണം ചെയ്യുന്നതും ഭയപ്പെടുത്തി അങ്കലാപ്പുണ്ടാക്കുന്നതും നുണകൾ എന്ന കഥയിലെ അച്ഛന്റെ ചെയ്തികളിൽ കാണാം. ഭാര്യ വീട്ടിലില്ലാത്തപ്പോൾ തന്നെ കാണാൻ വന്ന സ്റ്റെല്ലയുമൊത്തുള്ള അവിഹിതം കുട്ടി അമ്മയോട് പറഞ്ഞുകൊടുക്കുമ്പോൾ ആ പ്രതിഷേധം സിഗരറ്റു പുകച്ചുകൊണ്ടും തറയിൽ സിഗരറ്റു കുറ്റി ചവിട്ടിയുരച്ചുകൊണ്ടും കുട്ടിക്ക് നേരെയുള്ള ഭീഷണിയായുയരുന്നു. പരിഭ്രമിച്ച കുട്ടി താൻ കണ്ട സ്വപ്നവും യാഥാർത്ഥ്യവും വേർതിരിക്കാൻ കഴിയാതെ നിസ്സഹായനാവുകയാണ്. രുദ്രാക്ഷിയെന്ന കഥയിലും നിഷ്കളങ്ക ബാല്യം കാണുന്ന കാഴ്ചയിൽ മുതിർന്നവരുടെ കാപട്യ


ISSN: 2582 - 2594

ങ്ങൾ സത്യയോ മിഥ്യയോ എന്നറിയാതെ വിഹ്വലമാവുന്ന മനസ്സിന്റെ കാഴ്ചകൾ കാണാം. ഒരു കൊലപാതകത്തിന് ദൃക്സാക്ഷിയാകേണ്ടിവരുന്ന മോഹനന്റെ ജീവിതത്തിൽ വന്നു പെടുന്ന ഭയവും മൃത്യുഭീതിയും എല്ലാം ചേർന്ന അനുഭവങ്ങളായും ഭ്രമക്കാഴ്ചകളായും ബോധമനസ്സിന്റെ തീവ്ര സമ്മർദ്ദങ്ങളായും ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്. ഉണ്ണി, നാവിക വേഷം ധരിച്ച കുട്ടി, മനുഷ്യൻ പാവമാണ് എന്നീ കഥകളിൽ സ്ത്രീ മനസ്സുകളുടെ വിഹ്വലതകളാണ് കുട്ടികളെ കേന്ദ്രീകരിച്ച് കൊണ്ടുവരുന്നത്. ഉണ്ണി എന്ന കഥയിൽ ഭർത്താവിന്റെ മരണം ഉണ്ണിയെന്ന ബാലന്റെ സാമീപ്യം കൊണ്ട് പകരം വയ്ക്കപ്പെടുമ്പോൾ നാവിക വേഷം ധരിച്ച കുട്ടിയുടെ ഫോട്ടോയിലും പൂർവ്വപ്രണയത്തിന്റെ ഓർമ്മകളാണ് പങ്കുവയ്ക്കപ്പെടുന്നത്. മനുഷ്യൻ പാവമാണ് എന്ന കഥയിൽ സഫലീകരിക്കപ്പെടാത്ത മാതൃത്വത്തിന്റെ ഇന്ദ്രിയാവിഷ്ക്കാരങ്ങൾ മിഥ്യാനുഭവത്തിലൂടെ അല്പസമയത്തേക്ക് പുത്രസാമീപ്യം അനുഭവിക്കുന്നത്, ബോധാബോധതലങ്ങൾ തമ്മിലുള്ള അതിരുകൾ ഭേദിച്ച് അവർ അനുഭവിക്കുകയാണ്. ബാഹ്യ യാഥാർത്ഥ്യത്തോളം തന്നെ പ്രധാനമായി അന്തർ യാഥാർത്ഥ്യത്തേയും കൂട്ടിയിണക്കിയ ഒരു ഇന്ദ്രിയാനുഭൂതിയിലാണ് ഇത്തരം കഥാവിഷ്ക്കാരങ്ങൾ മാധവിക്കുട്ടി പൂർത്തിയാക്കുന്നത്.

പലതരം കാമനകളാണ് ഈ ലോകത്തെ നിലനിർത്തുന്നത്. അതിന്റെ ആകെത്തുകയാണ് ശരീരം. സമൂഹം, ജാതി, മതം, സൗന്ദര്യാനുഭൂതികൾ, നിയമവ്യവസ്ഥ തുടങ്ങിയ അവയവങ്ങളാൽ സംഘാതം ചെയ്യപ്പെട്ട ശരീരത്തിന്റെ കാമനകളെ സ്വതന്ത്രമായി നിർഭയം ആഖ്യാനം ചെയ്ത കഥാകാരിയാണ് മാധവിക്കുട്ടി. സമൂഹത്തിനകത്ത് പ്രവർത്തിക്കുന്ന പുരുഷാധിപത്യം, സ്ത്രീവാദം, സൗന്ദര്യബോധം, ചിന്ത, നീതി, സ്നേഹം ഇങ്ങനെ വ്യക്തിജീവിതവും സാമൂഹ്യ ജീവിതവും മേളിക്കുന്ന എന്തിനെയും സംബന്ധിച്ച് ഇന്ദ്രിയാനുഭവങ്ങളിലൂടെ സ്വാംശീകരിച്ച ഉടലുണർവ്വുകളുടെ ലോകത്തെ സധൈര്യം ആവിഷ്ക്കരിച്ച എഴുത്തുകാരിയുടെ എഴുത്തുലോകം സ്ഥൂല -സൂക്ഷ്മതലത്തിൽ സാമൂഹികവും വൈയക്തികവുമായ പലതരം സ്വത്വ നിർമ്മിതികളോടുള്ള കലഹവും പ്രതിരോധവും സാധ്യമാക്കുകയാണ്.

## ആധാരസൂചി


1. മാധവിക്കുട്ടിയുടെ സമ്പൂർണ്ണകഥകൾ. ഡി.സി. ബുക്സ് April 2014
2. എബി കോശി. ജീവിതേച്ഛകളുടെ ആഘോഷം. സൂചിക ബുക്സ് June 2020
3. ഇ.വി.രാമകൃഷ്ണൻ Ed., മാധവിക്കുട്ടി പഠനങ്ങളും രചനകളും. ഡി.സി.ബുക്സ്, Dec. 2011
4. സന്തോഷ് മാനിച്ചേരി Ed., ഇന്ദ്രിയാധിഷ്ഠിത സംസ്കാരപഠനം, റിസർച്ച് ജേണൽ പ്രസാ. ബൈഞ്ചമിൻ ബെയിലി ഫൗണ്ടേഷൻ. Jan-April 2023
5. വത്സലൻ വാതുശ്ശേരി: കഥയും ഫാന്റസിയും. കറന്റ് ബുക്സ്, 2004.